**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4067** **28-06-2024 - ൽ മറുപടിയ്ക്ക്**

**അവകാശാധിഷ്ഠിത സാന്ത്വന പരിചരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ,<br>ശ്രീ വി ശശി,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | രോഗങ്ങൾമൂലം ശാരീരിക-മാനസിക-സാമൂഹ്യ ബുദ്ധിമുട്ടുകൾ നേരിടുന്ന രോഗികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുന്ന ഒരു സമഗ്ര സമീപനമായാണ് പാലിയേറ്റീവ് കെയറിനെ ലോകാരോഗ്യ സംഘടന നിർവചിച്ചിട്ടുള്ളത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കിടപ്പിലായ രോഗികൾ അനുഭവിക്കുന്ന ശാരീരികവും മാനസികവുമായ ബുദ്ധിമുട്ടുകൾ പോലെ പ്രധാനമാണ് അവരെ പരിചരിക്കുന്ന കുടുംബാംഗങ്ങളുടെ ആരോഗ്യവും മാനസിക നിലവാരവും. രോഗിയോടൊപ്പം തന്നെ കുടുംബാംഗങ്ങളുടെ ക്ഷേമവും കൂടി പരിഗണിച്ചില്ലായെങ്കിൽ സാന്ത്വന പരിചരണ പദ്ധതി എല്ലാ അർത്ഥത്തിലും നടപ്പിലാക്കുന്നതിൽ പരാജയം സംഭവിച്ചേക്കാം. അതുകൊണ്ടുതന്നെ കേരളത്തിൽ നടപ്പിലാക്കുന്ന സാന്ത്വന പരിചരണ പദ്ധതി സമഗ്രമായ ഈ ആശയം കൂടെ ഉൾക്കൊണ്ടുകൊണ്ടാണ് നിർവചിക്കപ്പെട്ടിട്ടുള്ളത്.<br><br>ചികിത്സ ഇല്ലാത്ത രോഗങ്ങളുള്ള രോഗികളുടെയും അവരുടെ കൂട്ടിരിപ്പുകാരുടെയും സമഗ്രമായ പരിരക്ഷയാണ് പാലിയേറ്റീവ് കെയർ. വേദന നിവാരണം, മാനസിക പിന്തുണ എന്നിവ കൂടാതെ രോഗികളുടെ കൂട്ടിരിപ്പുകാർക്കുള്ള പരിരക്ഷ, യഥാസമയങ്ങളിലുള്ള വിശ്രമം, ടെലിഫോൺ വഴിയുള്ള ഉപദേശം നൽകൽ, അവരുടെ ആരോഗ്യ സംരക്ഷണം എന്നിവ ഉൾപ്പെടുന്നു. അവരുടെ ടീമിൽ ഡോക്ടർമാർ, നഴ്സുമാർ, ഫിസിയോതെറാപ്പിസ്റ്റ്, സോഷ്യൽ വർക്കർ, ഫാർമസിസ്റ്റ് എന്നിവർ ഉൾപ്പെടുന്നു. പാലിയേറ്റീവ് കെയർ പരിചരണം ആവശ്യമുള്ളവരെ മനസ്സിലാക്കി അവരെ പാലിയേറ്റീവ് കെയറുമായി ബന്ധപ്പെടുത്തി, രജിസ്റ്റർ ചെയ്ത് അവർക്ക് വേണ്ട സൗകര്യം ചെയ്തു കൊടുക്കുന്നു. |
| (ബി) | പ്രാഥമിക തലത്തിൽ സമ്പൂർണ പാലിയേറ്റീവ് കെയർ എന്ന ആശയം നടപ്പാക്കുന്നതിൽ സംസ്ഥാനത്തിന് വിജയം കൈവരിക്കാനായിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പ്രാഥമികതലത്തിൽ ഗൃഹ സന്ദർശനത്തിലൂടെ കിടപ്പിലായ എല്ലാ രോഗികൾക്കും സാന്ത്വന പരിചരണം നൽകുന്ന പദ്ധതിയാണ് ആരോഗ്യവകുപ്പ് നടപ്പിലാക്കി വരുന്നത്. തദ്ദേശ സ്വയംഭരണ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതി ഒരു സമ്പൂർണ്ണ വിജയവും ലോകത്തിന് തന്നെ മാതൃകയായ ഒരു ജനകീയ പദ്ധതിയുമാണ്. 2 ലക്ഷത്തിൽ പരം ജനങ്ങൾക്ക് സാന്ത്വന പരിചരണം നൽകുന്നതിന് പര്യാപ്തമായ ഈ പദ്ധതിയിൽ ജനങ്ങളുടെയും സന്നദ്ധപ്രവർത്തകരുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതു വഴി ഒരു ജനകീയ പ്രസ്ഥാനമായിട്ടാണ് ഇത് നടപ്പിലാക്കപ്പെടുന്നത്. ചില നഗരങ്ങളിൽ ആരോഗ്യ പ്രവർത്തകരുടെ സാന്നിധ്യം ഇല്ലാതെ വരുന്നത് നഗര കേന്ദ്രീകൃതമായ സാന്ത്വന പരിചരണ പരിപാടിക്ക് വിഘാതം സൃഷ്ടിക്കാറുണ്ടെങ്കിലും പ്രൈമറി തൊട്ട് ടെറിഷ്യറി കെയർ വരെ പാലിയേറ്റീവ് കെയർ എന്ന ആശയം നടപ്പിലാക്കാനുള്ള എല്ലാ നടപടികളും ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. പ്രാഥമിക തലത്തിലെ പാലിയേറ്റീവ് കെയർ എല്ലാ പഞ്ചായത്തുകളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വഴിയാണ് നടപ്പാക്കി വരുന്നത്. ഇതിനായി എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും പാലിയേറ്റീവ് കെയർ പ്രൊജക്ടുകൾ വർഷാവർഷം നടത്തി വരുന്നുണ്ട്. |
| (സി) | ഉറ്റവരുടെ മരണത്തെത്തുടർന്ന് ഉടലെടുക്കുന്ന വിയോഗാനുഭവവും വ്യഥയും (ഗ്രീഫ് ആൻഡ് ബെറീവ്മെന്റ്) ഉയർത്തുന്ന വെല്ലുവിളികൾ നേരിടാൻ ബെറീവ്മെന്റ് കമ്പാനിയൻഷിപ് പ്രോഗ്രാം സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ബെറീവ്മെന്റ് കമ്പാനിയൻഷിപ് പ്രോഗ്രാം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആരംഭിച്ചിട്ടുണ്ട്. പുതുക്കിയ പാലിയേറ്റീവ് കെയർ നയത്തിലെ ഒരു പ്രധാന വിഷയമാണ് Grief And Bereavement (മരണത്തെ തുടർന്നുണ്ടാകുന്ന വിയോഗാനുഭവവും വ്യഥയും). ഈ അവസ്ഥയെ<br><br>നേരിടുന്നതിന് മരിച്ചവരുടെ കുടുംബത്തോടൊപ്പം നിന്നുകൊണ്ട് അവർക്ക് ആശ്വാസമേകുന്ന Bereavement Companionship Programme പാലിയേറ്റീവ് കെയർ നയത്തിന്റെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്. മരണാനന്തര ചടങ്ങുകൾക്ക് വേണ്ട സഹായവും മരണാനന്തര ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള സൗകര്യമൊരുക്കുന്നതിനും കുടുംബാംഗങ്ങൾക്ക് മാനസിക പിന്തുണ നൽകുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. |
| (ഡി) | രോഗാവസ്ഥയിലും ജീവിതത്തിന്റെ അവസാന ഘട്ടത്തിലും കരുണാർദ്രവും മാന്യവുമായ പരിചരണം മനുഷ്യന്റെ മൗലികാവകാശമാണെന്നിരിക്കെ അവകാശാധിഷ്ഠിത സാന്ത്വന പരിചരണത്തിന്റെ മാതൃകകൾ സൃഷ്ടിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | പാലിയേറ്റീവ് കെയർ നയം 2008 ൽ ആദ്യമായി രാജ്യത്ത് കൊണ്ടുവന്ന സംസ്ഥാനമാണ് കേരളം. 2019 ൽ പുതുക്കിയ പാലിയേറ്റീവ് കെയർ നയം സർക്കാർ പ്രഖ്യാപിക്കുക വഴി എല്ലാ തലങ്ങളിലുമുള്ള സമ്പൂർണ്ണമായ സാന്ത്വന പരിചരണം ആവശ്യമായ രോഗികൾക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കുന്നത്. രോഗിയോടൊപ്പം രോഗിയെ പരിചരിക്കുന്നവരെയും ഈ പദ്ധതിയിൻ കീഴിൽ |

പരിഗണന നൽകി വരുന്നുണ്ട്. കൂടാതെ ഈ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ 10 മെഡിക്കൽ കോളേജുകളിൽ ത്രിതല പാലിയേറ്റീവ് കെയർ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും അതിനായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് മാർഗ്ഗരേഖ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ കോളേജുകളിൽ പാലിയേറ്റീവ് കെയർ യൂണിറ്റുകൾ സ്ഥാപിച്ച് രോഗികൾക്ക് ചികിത്സയും ആരോഗ്യ പ്രവർത്തകർക്ക് സാന്ത്വന പരിചരണത്തിൽ പരിശീലനവും നൽകി വരുന്നതോടൊപ്പം തന്നെ എല്ലാ വിഭാഗങ്ങളിലുമുള്ള ആരോഗ്യ പ്രവർത്തകർക്കും "സാന്ത്വന പരിചരണം" എന്ന വിഷയത്തിൽ ബോധവത്കരണവും നൽകി വരുന്നു.

മെഡിക്കൽ വിദ്യാഭ്യാസത്തിൽ സാന്ത്വന പരിചരണത്തിനു ഊന്നൽ നൽകുന്ന പാഠഭാഗങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും, മെഡിക്കൽ വിദ്യാർത്ഥികൾക്കും, ഹൗസ് സർജൻമാർക്കും പാലിയേറ്റീവ് കെയറിൽ പരിശീലനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

അടുത്തപടിയായി മെഡിക്കൽ കോളേജുകളിലെ പാലിയേറ്റീവ് കെയർ യൂണിറ്റുകളെ പാലിയേറ്റീവ് മെഡിസിൻ വിഭാഗമായി ഉയർത്തുന്നതിനും, MD പാലിയേറ്റീവ് മെഡിസിൻ കോഴ്സുകൾ ആരംഭിക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ചും വരുന്നുണ്ട്. മെഡിക്കൽ കോളേജുകളിലെ പാലിയേറ്റീവ് കെയർ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി മോണിറ്ററിംഗ് കമ്മിറ്റിയെയും നിയമിക്കുന്നുണ്ട്.

പാലിയേറ്റീവ് കെയർ നയം നടപ്പാക്കുന്നതിന്റെ ഭാഗമായി 03.07.2022 തീയതിയിലെ സ.ഉ.(സാധാ) നം. 1592/2023/ആ.കു.വ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന തല ആക്ഷൻ പ്ലാൻ രൂപീകരിച്ചു പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. പാലിയേറ്റീവ് കെയർ പരിചരണത്തിന്റെ ഉദ്ദേശലക്ഷ്യം തന്നെ ജീവിതത്തിന്റെ അവസാനഘട്ടത്തിലുള്ള കരുണാർദ്രവും മാന്യവുമായ പരിചരണമാണ്. ഈ പരിചരണം ശയ്യാവലംബരായവർക്കും ജീവിതത്തിന്റെ സായാഹ്നത്തിൽ ഉള്ളവർക്കും നൽകുന്നതിന് ഉതകുന്ന രീതിയിലാണ് കേരളത്തിലെ സാന്ത്വന പരിചരണ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നിയമിതരായ ആയിരത്തോളം പാലിയേറ്റീവ് കെയർ

| | | | |
|---|---|---|---|
| | | | നേഴ്സുമാർ, ദേശീയ ആരോഗ്യ ദൗത്യം മുഖേന നിയമിതരായിട്ടുള്ള സ്റ്റാഫ് നേഴ്സ്, ഫിസിയോതെറാപ്പിസ്റ്റ്, ഡോക്ടേഴ്സ് എന്നിവരും ആരോഗ്യ വകുപ്പിലെ ഫീൽഡ്തല ജീവനക്കാരും പാരാമെഡിക്കൽ പ്രവർത്തകരും ഡോക്ടർമാരും ഉൾപ്പെടുന്ന ഒരു വലിയ മാനവ ശേഷി സാന്ത്വന പരിചരണത്തിനായി സംസ്ഥാനത്ത് നിലവിലുണ്ട്. ഇവരോടൊപ്പം ആശാ പ്രവർത്തകരും സന്നദ്ധ പ്രവർത്തകരും കൂടി ഉൾപ്പെടുന്ന ഒരു വലിയ സേവന മേഖലയാണ് കേരളത്തിലെ സാന്ത്വന പരിചരണ മേഖലയെ സമ്പുഷ്ടമാക്കുന്നത്. ഇത് സാന്ത്വന പരിചരണ രംഗത്ത് രാജ്യത്തിനും ലോകത്തിനു മാതൃകയായി മാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ